**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 236** **12-07-2022 - ൽ മറുപടിയ്ക്ക്**

**സാംസ്കാരിക ഐക്യം ശക്തിപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. എം.വിജിൻ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി)** | |
| (എ) | നിസ്സാരമായതോ ഇല്ലാത്തതോ ആയ കാര്യങ്ങൾ പ്രചരിപ്പിച്ച് സാമുദായിക ധ്രുവീകരണത്തിലൂടെ രാഷ്ട്രീയ നേട്ടം കൊയ്യാൻ വർഗ്ഗീയ ശക്തികളും തീവ്രവാദ ശക്തികളും തങ്ങളുടെ ശ്രമം ശക്തമാക്കിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പ്രതിരോധിക്കാനായി സാംസ്കാരിക ഐക്യം ശക്തിപ്പെടുത്താൻ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (എ) | ഇത്തരം പ്രവണതകൾ ഉണ്ടാകാതിരിക്കുന്നതിന് സർക്കാർ ജാഗരൂകമാണ്. സംസ്ഥാനത്ത് വർഗ്ഗീയ വിഭജനത്തിന് കാരണമാകുന്ന തരത്തിലുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വർഗ്ഗീയ,തീവ്രവാദ സംഘടനകളുടെ പ്രവർത്തനങ്ങൾ കേന്ദ്ര-സംസ്ഥാന ഏജൻസികൾ നിരീക്ഷിച്ചു വരുന്നതും അത്തരം സംഭവങ്ങൾ ശ്രദ്ധയിൽ പെട്ടാൽ നടപടിയുണ്ടാകുന്നതുമാണ്. ജാതിമത വ്യവസ്ഥകൾക്കതീതമായതും ഭരണഘടന വിഭാവനം ചെയ്യുന്നതും ഇന്ത്യയുടെ ഐക്യവും അഖണ്ഡതയും മതേതര മൂല്യങ്ങളും ഉയർത്തിപ്പിടിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് സർക്കാർ സാംസ്കാരിക വകുപ്പിന്റെ കീഴിൽ ഏറ്റെടുക്കുന്നത്. |
| (ബി) | ഗ്രാമങ്ങളിലും ചെറുപട്ടണങ്ങളിലും ജനങ്ങൾക്ക് സാംസ്കാരികമായ ഒത്തുചേരലിനുള്ള ഇടം സൃഷ്ടിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. ഗ്രാമീണ മേഖലയിൽ കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ പൊതു ഇടങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സാംസ്കാരിക വകുപ്പ് **നാട്ടരങ്ങ്** എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. പൊതു ഇടങ്ങൾ ഇല്ലാത്ത ഗ്രാമങ്ങളിലും, ചെറുപട്ടണങ്ങളിലും സൗകര്യപ്രദങ്ങളായ പാതയോരങ്ങൾ കണ്ടെത്തി അവിടെ ഗതാഗത തടസമില്ലാതെ കലാസാംസ്കാരിക പ്രവർത്തനത്തിന് വേദി ഒരുക്കുന്ന ഈ പദ്ധതി ആലത്തൂർ താലൂക്കിലെ വടക്കുംഞ്ചേരി ഗ്രാമപഞ്ചായത്തിൽ 2020-2021 സാമ്പത്തിക വർഷം നടപ്പിലാക്കിയിരുന്നു. ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂരും മലപ്പുറം ജില്ലയിലെ വള്ളിക്കുന്നിലും നാട്ടരങ്ങ് നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. |
| (സി) | സാംസ്കാരികപ്പെരുമ കാത്തുസൂക്ഷിക്കുന്നതിനും കലാപൈതൃകം വരുംതലമുറയ്ക്ക് പകർന്നു നൽകുന്നതിനുമായി കിഫ്ബി ഫണ്ട് മുഖേന | (സി) | കേരളത്തിന്റെ സാംസ്കാരിക പൈതൃക സംരക്ഷണത്തിനും വ്യാപനത്തിനും പ്രോത്സാഹനത്തിനുമായി 2016-17 ലെ പുതുക്കിയ |

| | | | |
|---|---|---|---|
| | പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ പുരോഗതി അറിയിക്കാമോ? | | ബജറ്റ് പ്രസംഗത്തിൽ ജില്ലാ കേന്ദ്രങ്ങളിൽ, നവോത്ഥാന നായകരുടെ നാമധേയത്തിൽ ബൃഹത്തായ സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. സാംസ്കാരിക വകുപ്പ് വഴി നടപ്പിലാക്കുന്ന ഈ പദ്ധതി കിഫ്ബിയുടെ ധനസഹായത്തോടെയാണ്. കൊല്ലം, പാലക്കാട്, കാസർഗോഡ് ജില്ലകളിൽ യഥാക്രമം ശ്രീനാരായണഗുരു, വി.ടി.ഭട്ടതിരിപ്പാട്, സുബ്രമണ്യൻ തിരുമുമ്പ് എന്നിവരുടെ നാമധേയത്തിലുള്ള സമുച്ചയങ്ങളുടെ നിർമ്മാണം പുരോഗമിച്ചു വരികയാണ്. മലപ്പുറം ജില്ലയിൽ സ്ഥാപിക്കുന്ന സാംസ്കാരിക സമുച്ചയത്തിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ സമുച്ചയ നിർമ്മാണത്തിനായി കണ്ടെത്തിയ ഭൂമി സാംസ്കാരിക വകുപ്പിന് കൈമാറുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്. ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കണ്ണൂർ എന്നീ നാലു ജില്ലകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ആലപ്പുഴ, തൃശ്ശൂർ എന്നീ ജില്ലകളിൽ സമുച്ചയത്തിനായി കണ്ടെത്തിയിട്ടുള്ള ഭൂമിയുടെ കൈമാറ്റ നടപടികൾ പുരോഗമിച്ചു വരികയാണ്. പത്തനംതിട്ട , തിരുവനന്തപുരം, ഇടുക്കി, വയനാട്, എറണാകുളം എന്നീ ജില്ലകളിൽ സർക്കാർ ഭൂമി കണ്ടെത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ